ആരോഗ്യമേഖലയുടെ വികസനത്തിന് ആവശ്യമായ പദ്ധതികൾ

*26 [26] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയുടെ വികസനത്തിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) അടഞ്ഞുകിടക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ആരോഗ്യ, വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒന്നര കോടി രൂപയുടെ കേന്ദ്ര സഹായ പദ്ധതി, കോഴിക്കോട് മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സെന്ററിന്റെ വികസനത്തിനുവേണ്ടിയുള്ള 1.42 കോടി രൂപയുടെ പദ്ധതി, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ട്രോമാ കെയർ സെന്ററിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ലാബ് കോപ്ലക്സ് പണിയാനുള്ള പദ്ധതിയുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് ആക്കാൻ ഒരു പ്രോജക്ട് ആസൂത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ സൈക്യാട്രി വിഭാഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 'ടെലിമെഡിസിൻ' സംവിധാനത്തിലൂടെ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളെയും ജില്ലാ ആശുപത്രികളുമായും മെഡിക്കൽ കോളേജുകളെ പ്രധാനപ്പെട്ട ദേശീയ ആരോഗ്യ സ്ഥാപനങ്ങളായ എ.ഐ.ഐ.എം.എസ്. (ഡൽഹി), അപ്പോളോ (ചെന്നൈ), നിംഹാൻസ് (ബാഗ്ലൂർ) നിസാം (ഹൈദരാബാദ്), ജിപ്മർ (പോണ്ടിച്ചേരി), നാരായണൻ ഹൃദയാലയ (ബാംഗ്ലൂർ), ശങ്കര നേത്രാലയ (ചെന്നൈ) എന്നിവയുമായി ബന്ധിപ്പിക്കാനും അതുവഴി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാനുമുള്ള പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു:

1. തുടർ മെഡിക്കൽ വിദ്യാഭ്യാസ പദ്ധതി
2. ജില്ലാ ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാനായി അവിടങ്ങളിൽ ടെലി റഫറൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക. തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളിൽ 2 കോടി രൂപ വീതം മുടക്കി ഓങ്കോളജി വിഭാഗം തുടങ്ങിക്കഴിഞ്ഞു. പുതിയ പി. ജി. കോഴ്സുകൾ തുടങ്ങുവാനുള്ള നടപടികളും നടന്നു വരുന്നു. ന്യൂറോ സർജറി, സൈക്യാട്രി, ഇ. എൻ. ടി. എന്നീ വിഭാഗങ്ങളിൽ പി. ജി. കോഴ്സ് തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമേ താഴെ പറയുന്ന പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു:

1. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത നിലവാരത്തിൽ സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കലും, സേവന മൂല്യം നിർണ്ണയിക്കുന്നതിനുമുള്ള പദ്ധതി.
2. ദാരിദ്ര രേഖക്ക് താഴെയുള്ളവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി.
3. ആരോഗ്യ സേവനങ്ങളിൽ ബഹുജനപങ്കാളിത്തത്തോടെ സാമൂഹ്യ നിരീക്ഷണ പദ്ധതി.
4. ആരോഗ്യസേവനം മെച്ചപ്പെടുത്തുന്നതിന് സ്വയം സഹായ സംഘങ്ങളെ ശക്തമാക്കാനുള്ള പദ്ധതി.
5. ആശുപത്രികളിലെ ജൈവാവശിഷ്ടങ്ങളുടെ സംസ്ക്കരണത്തിനുള്ള പദ്ധതി.
6. ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 'സെക്കന്ററി ഹെൽത്ത് സിസ്റ്റം പ്രോജക്ട്' എന്ന പദ്ധതിയ്ക്ക് ധനസഹായം നൽകാമെന്ന് തത്വത്തിൽ ധാരണയായിട്ടുണ്ട്. ഈ പദ്ധതികൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ ഉദ്ദേശിക്കുന്നു:
   1. പകർച്ചവ്യാധികളല്ലാത്ത ഡയബറ്റീസ്, ഹൃദ്രോഗം, ക്യാൻസർ മുതലായ രോഗങ്ങളുടെ തോത് സമൂഹത്തിൽ കുറച്ചു കൊണ്ടുവരിക.
   2. മെച്ചപ്പെട്ട ട്രോമാകെയർ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
   3. ഹെൽത്ത് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.
   4. മാതൃശിശു മരണ നിരക്ക് കുറയ്ക്കുക.
7. 12.86 കോടി രൂപയുടെ ലോകബാങ്ക് സഹായത്തോടെയുള്ള 'ഇന്റഗ്രേറ്റഡ് ഡിസീസസ് സർവ്വയലൻസ് പ്രോഗ്രാം' എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി സമഗ്രമായ രോഗവിവര കണക്കുകൾ ശേഖരിക്കുകയും അത് വിശകലനം ചെയ്ത് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും അതുവഴി ഇവയുടെ നിരക്കുകൾ ഗണ്യമായി കുറയ്ക്കുവാനും ഇത് ഉപകരിക്കും.
8. മാനസികാരോഗ്യ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി മുന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതുകൂടാതെ വിവിധ ജില്ലാ ആശുപത്രികളിൽ മാനസികാരോഗ്യ ചികിത്സാവിഭാഗങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

9. സംസ്ഥാനത്ത് 10% ആരോഗ്യ സ്ഥാപനങ്ങൾ മാതൃകാസ്ഥാപനങ്ങളായി തിരഞ്ഞെടുത്ത് അവിടെനിന്നും മെച്ചപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നിശ്ചിത നിലവാരത്തിലുള്ള ഭൗതീക സാഹചര്യങ്ങളും, ജീവനക്കാരേയും നൽകി ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു.

10. ആർ.സി.എച്ചിന്റെ രണ്ടാം ഘട്ടത്തിലെ 21 പ്രോജക്ടുകൾക്കായി മൊത്തം 446.96 കോടി രൂപയുടെ നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 371.77 കോടി രൂപ അലോപ്പതി വിഭാഗത്തിനും, 32.75 കോടി രൂപ മെഡിക്കൽ കോളേജുകൾക്കും, 29.61 കോടി രൂപ ആയുർവേദ വിഭാഗത്തിനും, 12.83 കോടി രൂപ ഹോമിയോ വിഭാഗത്തിനും വേണ്ടിയുള്ളതാണ്.

ആയുർവേദ വകുപ്പിൽ ഈ സാമ്പത്തിക വർഷം പുതുതായി 10 ഗ്രാമീണ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. രണ്ട് ജില്ലാ ആയുർവേദ ആശുപത്രികളിലെ (കൊല്ലം, തൃശ്ശൂർ) കിടക്കകൾ 50-ൽ നിന്നും 100 ആക്കി ഉയർത്താനും വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, കോട്ടയ്ക്കൽ മാനസിക രോഗാശുപത്രിയിൽ 15 ലക്ഷം രൂപ ചെലവിൽ പ്രത്യേക വാർഡ് നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നു.

ഹോമിയോപ്പതി വകുപ്പിൽ ജില്ലാ ആശുപത്രികളിലേയും മറ്റ് ആശുപത്രികളിലേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം മൂന്ന് ലബോറട്ടറികൾ കൂടി ആരംഭിക്കുന്നതാണ്. ഹോമിയോപ്പതി വകുപ്പിലെ സ്ഥാപനങ്ങൾക്ക് മരുന്ന് വിതരണം നടത്തുന്ന ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയുടെ വിപണന വിഭാഗവും ക്വാളിറ്റി കൺട്രോൾ വിഭാഗവും ശക്തിപ്പെടുത്തുന്നതിനും ഒരു ഫോർമുലേഷൻ കം കോസ്മെറ്റിക് പ്രിപ്പറേഷൻ യൂണിറ്റ് തുടങ്ങുന്നതിനുമുള്ള പദ്ധതികൾ പരിഗണനയിലാണ്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയോടനുബന്ധിച്ച് നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ പ്രവർത്തന സജ്ജമാക്കാൻ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിന് പുതുതായി 1200 ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജാശുപത്രികളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധന പ്രകാരമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ രോഗികളുടെ വർദ്ധനവിന് ആനുപാതികമായിട്ടുള്ള ജീവനക്കാരെ നിയമിക്കുന്നതിനും അതനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 97 തസ്തികകളും തൃശ്ശൂർ മെഡിക്കൽ കോളേജിൽ 92 തസ്തികകളും കോട്ടയം ഡെന്റൽ കോളേജിൽ 20 തസ്തികകളും ഇതിനോടകം തന്നെ സൃഷ്ടിച്ചുകഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 47 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ഹെൽത്ത് സർവ്വീസസ് വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും നിലവിലുള്ളത്. ഇത് പരിഷ്ക്കരിച്ച് രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം കൂട്ടുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ഇലക്ട്രിസിറ്റി ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച്

*27 [27] ശ്രീ. ബിനോയ് വിശ്വം:

,, മാങ്കോട് രാധാകൃഷ്ണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്റ്റ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് 2004 ജൂൺ 10 മുതൽ ഒരു വർഷത്തേയ്ക്കുകൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിബന്ധനകൾ വച്ചിട്ടുണ്ടോ;

(സി) സംസ്ഥാന വൈദ്യുതി ബോർഡ് പൊതുമേഖലയിൽ നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും പ്രവർത്തിക്കുന്നതിന് 2004 ജൂൺ 10 മുതൽ ഒരു വർഷത്തേയ്ക്കുകൂടി കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ അനുമതി സംബന്ധമായി കേന്ദ്ര സർക്കാർ നിബന്ധന ഒന്നും വച്ചിട്ടില്ല.

(സി) 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന വൈദ്യുതി ബോർഡ് പൊതുമേഖലയിൽ നിലനിർത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly